പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 58 — 04/02/2020 ൽ മറുപടിക്ക്

**ശബരിമല തീർത്ഥാടനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനും തീർത്ഥാടകരുടെ തിരക്ക് ക്രമീകരിക്കുന്നതിനും എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും സന്നദ്ധ സേവകരുടേയും പൂർണ്ണമായ സേവനവും സഹകരണവും ആദ്യാസവസാനം ലഭ്യമാക്കിയിരുന്നു. നിലയ്ക്കലിൽ പോലീസ് വകുപ്പിന്റെ നിർദ്ദേശാനുസരണം തിരക്ക് നിയന്ത്രിക്കാൻ സംവിധാനങ്ങൾ ഒരുക്കുകയും ശബരിമലയിൽ ശബരി പീഠം മുതലുള്ള പെർമനന്റ് ബാരിക്കേഡ് പാണ്ടിതാവളത്ത് താല്ക്കാലിക ബാരിക്കേഡ് മറ്റെല്ലാ സ്ഥലങ്ങളിലും ബാരിക്കേഡുകൾ എന്നിവ നിർമ്മിച്ച് തിരക്ക് നിയന്ത്രണവിധേയമാക്കുകയും ചെയ്തു. കൂടാതെ ദർശനം സുഗമമാക്കുന്നതിന് പോലീസ് വകുപ്പ് വെർച്വൽ ക്യൂ സംവിധാനം കൂടുതൽ സൗകര്യങ്ങളോടെ ഏർപ്പെടുത്തിയിരുന്നു.<br>കേരള വാട്ടർ അതോറിറ്റിയും തിരുവിതാംകൂർ ദേവസ്വം ബോർഡും തീർത്ഥാടന കാലത്ത് കുടി വെള്ള വിതരണത്തിനായി പമ്പ, നിലയ്ക്കൽ, സന്നിധാനം ഭക്തർ തമ്പടിക്കുന്ന മറ്റെല്ലാ സ്ഥലങ്ങളിലും ആവശ്യമായ സംഭരണ ശേഷിയുള്ള ടാങ്കുകളും |

| | | | |
|---|---|---|---|
| | | | ടാപ്പുകളും ക്രമീകരിച്ചിട്ടുണ്ട്. തീർത്ഥാടകർക്കാവശ്യമായ അപ്പം അരവണ എന്നിവ ലഭ്യമാക്കുന്നത് ഉറപ്പാക്കാനായി.<br><br>ശബരിമലയിൽ മാലിന്യ നിർമ്മാർജനത്തിനായി 5 MLD ട്രീറ്റ്മെന്റ് പ്ലാന്റ് ആണ് നിർമ്മിച്ചിട്ടുള്ളത്. പമ്പയിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാണ്. കൂടാതെ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവടങ്ങളിൽ മാലിന്യം നിർമ്മാർജനം ചെയ്യാൻ വിശുദ്ധി സേനാംഗങ്ങളെയും സർക്കാർ നിയോഗിച്ചിരുന്നു. നിലയ്ക്കലിൽ അധികമായി വാഹനം പാർക്കിംഗ് സൗകര്യങ്ങൾ നടപ്പിലാക്കി.<br><br>നിലയ്ക്കൽ, പമ്പ, ചന്ദ്രാനന്ദൻ റോഡ് എന്നിവിടങ്ങളിലായി 1000 ൽ അധികം ശുചിമുറികളും 100 കുളിമുറികളും പ്രവർത്തന സജ്ജമാക്കുകയും പമ്പയിൽ പ്രളയത്തിൽ തകർന്ന ശുചി മുറികളും ടോയ് ലെറ്റ് ബ്ലോക്കുകളും പുതുക്കിപ്പണിയുകയും ചെയ്തു.<br><br>ശബരിമലയിൽ ദർശനത്തിനെത്തിയ അയ്യപ്പ ഭക്തർക്കും സേവന ദാതാക്കളായ പോലീസ് ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥർക്കും KSRTC ജീവനക്കാർക്കും, മാധ്യമ പ്രവർത്തകർക്കും സന്നദ്ധ സേവകർക്കും കുറ്റമറ്റ രീതിയിൽ താമസ സൗകര്യങ്ങൾ ഒരുക്കുകയും ശബരിമലയിലും പമ്പയിലും നിലയ്ക്കലിലും എമർജൻസി മെഡിക്കൽ സെന്ററുകൾ സജ്ജമാക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ബി) | ശബരിമല ദർശനം സുഗമമാക്കുന്നതിന് എന്തൊക്കെ തരത്തിലുള്ള ഓൺലൈൻ സേവനങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്നും ആയതിന് ലഭിച്ച സ്വീകാര്യത എത്രത്തോളമാണെന്നും അറിയിക്കാമോ; | (ബി) | ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവ സമയത്ത് ദർശനം സുഗമമാക്കുന്നതിന് പോലീസ് വകുപ്പ് വെർച്വൽ ക്യൂ സംവിധാനത്തിലൂടെ ദർശനം മുൻകൂട്ടി ബുക്ക് ചെയ്യുന്നതിന് സൗകര്യം ഒരുക്കിയിരുന്നു.കൂടാതെ വെർച്വൽക്യൂ പോർട്ടൽ , തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പോർട്ടൽ എന്നിവയിലൂടെ ഭക്തർക്ക് വഴിപാട്/ പ്രസാദം ബുക്കിംഗ്, അക്കോമഡേഷൻ ബുക്കിംഗ് എന്നിവയും ഏർപ്പെടുത്തിയിരുന്നു.ഇത്തരം ഓൺലൈൻ സേവനങ്ങൾക്കെല്ലാം വർദ്ധിച്ച സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത് |
| (സി) | തിരക്ക് നിയന്ത്രിക്കുന്നതിന് വെർച്വൽ ക്യൂ ബുക്കിംഗ് ഫലപ്രദമാണോ എന്നറിയിക്കാമോ; | (സി) | തിരക്ക് നിയന്ത്രിക്കുന്നതിന് വെർച്വൽ ക്യൂ ബുക്കിംഗ് വളരെ ഫലപ്രദമായിരുന്നു. |
| (ഡി) | ദേവസ്വം സേവനങ്ങളായ അപ്പം, അരവണ, വിഭൂതി, നെയ്യ് തുടങ്ങിയവ ഓൺലൈനായി വെബ് പോർട്ടൽ മുഖേന ബുക്ക് ചെയ്യുന്നതിന് അവസരം ഒരുക്കിയിരുന്നോ എന്ന് വെളിപ്പെടുത്താമോ? | (ഡി) | പോലീസിന്റെ വെർച്ച്വൽ ക്യൂ പോർട്ടൽ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പോർട്ടൽ എന്നിവയിലൂടെ ഭക്തർക്ക് ദർശനം/വഴിപാട്/ പ്രസാദം, അപ്പം, അരവണ, വിഭൂതി ആടിയ നെയ്യ്, കുങ്കുമം, മഞ്ഞൾ, അക്കോമെഡേഷൻ എന്നിവ ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം നല്കിയിരുന്നു. |

സെക്ഷൻ ഓഫീസർ